**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4216** **18-07-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്ത് എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ,<br>ശ്രീ . മുഹമ്മദ് മുഹസിൻ,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംരംഭകർക്ക് എല്ലാ മേഖലയിലെയും ബിസിനസ്സ് സാധ്യതകൾ മനസ്സിലാക്കാൻ സാധിക്കുന്ന തരത്തിൽ വിദേശരാജ്യങ്ങളിൽ എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റുകൾ നിലവിലുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നപക്ഷം പരിശോധിക്കാവുന്നതാണ്. |
| (ബി) | വിദേശ രാജ്യങ്ങളിലുള്ളതു പോലെ സംസ്ഥാനത്തും എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നതിന്റെ സാധ്യതകൾ പരിശോധിക്കുമോ ; വിശദമാക്കാമോ; | (ബി) | സംസ്ഥാനത്ത് എന്റർപ്രണർഷിപ്പ് ഇൻഫർമേഷൻ സൂപ്പർ മാർക്കറ്റ് തുടങ്ങുന്നത് സംബന്ധിച്ച പ്രൊപ്പോസൽ ലഭിക്കുന്നപക്ഷം പരിശോധിക്കാവുന്നതാണ്. |
| (സി) | വികേന്ദ്രീകൃത ഉല്പാദനം പ്രോത്സാഹിപ്പിച്ചുകൊണ്ട് സംസ്ഥാനത്ത് ഒരു ലക്ഷം സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ തുടങ്ങാനുള്ള വ്യവസായ വകുപ്പിന്റെ പദ്ധതിയിൽ പ്രവാസികൾക്ക് പ്രത്യേക ചാനൽ രൂപപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; | (സി) | നിലവിൽ ഉദ്ദേശിച്ചിട്ടില്ല. |
| (ഡി) | കോവിഡിന് ശേഷം സേവന മേഖലയിൽ രൂപപ്പെട്ടിട്ടുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ പ്രവാസി സമൂഹത്തിന് സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | സംസ്ഥാനത്ത് വ്യവസായികൾക്ക് എളുപ്പത്തിൽ ധനസഹായം ലഭ്യമാക്കുവാനും ഒരു മികച്ച നിക്ഷേപ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും കോവിഡിന് ശേഷം സേവന മേഖലയിൽ രൂപപ്പെട്ടിട്ടുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും കെഎസ്ഐഡിസി പ്രത്യേക സഹായ പദ്ധതിയായ ചീഫ് മിനിസ്റ്റേഴ്സ് സ്പെഷ്യൽ അസിസ്റ്റൻസ് സ്കീം ആവിഷ്കരിച്ചിട്ടുണ്ട്. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായ സംരംഭങ്ങൾ, സ്റ്റാർട്ടപ്പുകൾ, പ്രവാസി മലയാളികൾ എന്നിവർക്കാണ് ഇതിന്റെ പ്രയോജനം ലഭിക്കുക.<br><br>പ്രവാസികൾക്കായി കെഎസ്ഐഡിസിയും നോർക്കയും ചേർന്ന് അവതരിപ്പിച്ച പദ്ധതി ആയിരുന്നു പ്രവാസി ഭദ്രതാ മെഗാ പദ്ധതി. പ്രസ്തുത |

| | | | |
|---|---|---|---|
| | | | പദ്ധതി മുഖേന പ്രവാസികൾക്ക് അനുവദിച്ചിരുന്ന വായ്പ 25 ലക്ഷം മുതൽ രണ്ടു കോടി രൂപ വരെയാണ്.<br><br>സൂക്ഷ്മ ചെറുകിട ഇടത്തരം മേഖലയിലെ സംരംഭങ്ങൾക്കായി വ്യവസായ വാണിജ്യ വകുപ്പ് നൽകിവരുന്ന എല്ലാ പദ്ധതികളും പ്രവാസികൾക്കും പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ